**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 39** **10-02-2025 - ൽ മറുപടിയ്ക്ക്**

**സ്റ്റാർട്ടപ്പ് മേഖലയിൽ ധനകാര്യ കോർപ്പറേഷന്റെ സംഭാവനകൾ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീ. കെ. ആൻസലൻ,<br>ശ്രീ. ആന്റണി ജോൺ** | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** |

**ചോദ്യം (എ)** സംസ്ഥാനത്തെ സാമ്പത്തിക പുരോഗതിയിലേയ്ക്ക് നയിക്കുന്നതിനായി സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സ്റ്റാർട്ടപ്പ് മേഖലകളിൽ ധനകാര്യ കോർപ്പറേഷൻ നൽകിയിട്ടുള്ള സംഭാവനകൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

**ഉത്തരം (എ)** വിലയിരുത്തിയിട്ടുണ്ട്.

സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്റ്റാർട്ടപ്പുകൾക്കായി കെ.എഫ്.സി ആവിഷ്കരിച്ച പദ്ധതിയാണ് 'കെ.എഫ്.സി സ്റ്റാർട്ടപ്പ് കേരള'. പ്രസ്തുത പദ്ധതിയിലൂടെ സംസ്ഥാനത്തെ സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്ക് ആകർഷകമായ പലിശ നിരക്കിൽ ഈടില്ലാതെ വായ്പ നൽകിവരുന്നു. ആശയത്തിൽനിന്നും ഉൽപാദനത്തിലേക്ക് നീങ്ങാൻ 25 ലക്ഷം രൂപയും, വാണിജ്യവൽക്കരണത്തിന് 50 ലക്ഷം രൂപയും, സ്കെയിലിങ്ങ് അപ്പിന് രണ്ട് കോടി രൂപയും നൽകുന്ന പദ്ധതിയാണ് സ്റ്റാർട്ടപ്പ് കേരള വായ്പാ പദ്ധതി. ഇതുകൂടാതെ സ്റ്റാർട്ടപ്പുകൾക്ക് പർച്ചേയ്സ് ഓർഡറുകൾ തീർപ്പാക്കുന്നതിനായി 10 കോടി രൂപ വരെയുള്ള പ്രവർത്തന മൂലധന വായ്പയും 10 കോടി രൂപ വരെയുള്ള വെഞ്ചർ ഡെബ്റ്റ് വായ്പയും നൽകുന്നുണ്ട്. ടി സ്കീം പ്രകാരം 68 യൂണിറ്റുകൾക്കായി 86.09 കോടി രൂപയും വായ്പയായി അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതിയിലൂടെ 580 നേരിട്ടുള്ള തൊഴിലവസരങ്ങളും രണ്ടായിരത്തി അഞ്ഞൂറോളം നേരിട്ടല്ലാതെയുള്ള തൊഴിലവസരങ്ങളും സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ വർഷം 100 സ്റ്റാർട്ടപ്പുകൾക്ക് വായ്പ ലഭ്യമാക്കുന്നതിനും കേരള ഫിനാൻഷ്യൽ കോർപ്പറേഷന് പദ്ധതിയുണ്ട്.

**ചോദ്യം (ബി)** ഈ സർക്കാരിന്റെ കാലയളവിൽ കോർപ്പറേഷന്റെ അറ്റാദായം എത്ര ശതമാനം വർദ്ധിച്ചിട്ടുണ്ട്; ലോൺ പോർട്ട്ഫോളിയോയിൽ ഉണ്ടായ വർദ്ധനവ് എത്ര; വിശദമാക്കാമോ;

**ഉത്തരം (ബി)** ഈ സർക്കാരിന്റെ കാലയളവിൽ കോർപ്പറേഷന്റെ അറ്റാദായം 1025 ശതമാനം വർധിച്ചിട്ടുണ്ട്. ലോൺ പോർട്ട്ഫോളിയോയിൽ 59.45 ശതമാനം വർദ്ധനവാണ് ഉണ്ടായത്. കണക്കുകൾ താഴെ പറയും പ്രകാരമാണ്.

| | **2020-21 (തുകകോടിയിൽ)** | **2021-22 (തുക കോടിയിൽ)** | **2022-23 (തുക കോടിയിൽ)** | **2023-24 (തുക കോടിയിൽ)** | **വർദ്ധനവ് ശതമാനത്തിൽ (2021-22 to 202-24)** |
|---|---|---|---|---|---|
| **ലോൺ പോർട്ട് ഫോളിയോ** | **4621.12** | **4750.71** | **6529.40** | **7368.32** | **59.45%** |
| **അറ്റാദായം** | **6.58** | **13.19** | **50.18** | **74.04** | **1025.23%** |

**ചോദ്യം (സി)** വൈവിധ്യവത്ക്കരണത്തിന്റെ ഭാഗമായി കോർപ്പറേഷൻ നടപ്പാക്കിയ പ്രവർത്തനങ്ങൾ വിശദീകരിക്കാമോ;

**ഉത്തരം (സി)** സൂക്ഷ്മ, ചെറുകിട ഇടത്തരം സംരംഭകർക്ക് വ്യാവസായിക മേഖലയിൽ സാമ്പത്തിക സഹായം നൽകുന്നതിനായി താഴെപ്പറയുന്ന പ്രത്യേക പദ്ധതികൾ കേരളഫിനാൻഷ്യൽ കോർപ്പറേഷൻ വഴി നടപ്പിലാക്കിയിട്ടുണ്ട്.

1)മുഖ്യമന്ത്രിയുടെ സംരംഭകത്വവികസനപദ്ധതി (CMEDP) വഴി രണ്ടു കോടി രൂപവരെ 5 ശതമാനം പലിശനിരക്കിൽ വായ്പ നൽകുന്നു. 2)കെ.എഫ്.സി വഴി പത്ത് കോടി രൂപ വരെ 6 ശതമാനം പലിശനിരക്കിൽ വായ്പ അനുവദിക്കുന്ന പദ്ധതിയാണ്കാർഷിക അധിഷ്ഠിത എം.എസ്.എം.ഇ ലോൺ സ്കീം (KAMS).

3)മികവുള്ള സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്ക് ആശയ രൂപീകരണം മുതൽ കമ്പനിയുടെ വിപുലീകരണം വരെയുള്ള ഓരോ ഘട്ടത്തിലും സമഗ്രമായ പിന്തുണയും വായ്പാസഹായവും ലഭ്യമാക്കുന്ന പദ്ധതിയാണ്കെ.എഫ്.സി സ്റ്റാർട്ടപ്പ് കേരള വായ്പാ പദ്ധതി.

**ചോദ്യം (ഡി)** സ്റ്റാർട്ടപ്പ് കേരള പദ്ധതിയുടെ ഭാഗമായി സ്റ്റാർട്ടപ്പ് കോൺക്ലേവ് നടത്തുവാൻ കോർപ്പറേഷന് കഴിഞ്ഞിട്ടുണ്ടോ; വിശദാംശം നൽകുമോ?

**ഉത്തരം (ഡി)** ഉണ്ട്.

സ്റ്റാർട്ടപ്പ് കേരള പദ്ധതിയുടെ ഭാഗമായി കഴിഞ്ഞവർഷം ഒരു സ്റ്റാർട്ടപ്പ് കോൺക്ലേവ് നടത്തുവാൻ കോർപ്പറേഷന് കഴിഞ്ഞിട്ടുണ്ട്. കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ കേരളത്തിലെ സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്ക് ഉണർവ്വ് പകരുന്നതിനായി, 'കെ.എഫ്.സി സ്റ്റാർട്ടപ്പ് കോൺക്ലേവ് 2024' എന്ന പരിപാടി 2024 ഓഗസ്റ്റ് 29 ന് തിരുവനന്തപുരത്ത് വെച്ച് നടത്തുകയുണ്ടായി.

സെക്ഷൻ ഓഫീസർ